# Contents

VOL - 8 ISSUE-7 JULY 2017




08-13 **വയനാട്ടിലെ ഒഴിവുകാല വസതി**
വൈശാഖ് സി.ആർ.

14......... വീട് നിർമാണം: വഴിമാറുന്ന ചിന്തകൾ
സ്വരൂപ് ശേഖർ

20.........നിർമാണരംഗത്തെ പുത്തൻ കാൽവെയ്പുകൾ
രാഹുൽ ഗോവിന്ദ്

32........ അടുക്കളക്ക് മോഡേൺ ലുക്ക്
രാഹുൽ

38........വരൂ...ബാൽക്കണിയൊരുക്കാം
രാഹുൽ

44....... അഴകിനും ഈടിനും മെറ്റൽ ഫർണിച്ചർ
വൈശാലി

48....... ചെലവ് കുറയ്ക്കാം വീട് പണിയാം
വൈശാഖ്

54.........ഡിസൈൻ ഒരു ഡിസാസ്റ്ററാവാതിരിക്കാൻ

62.........സംഭരിക്കാം വെള്ളം
രാഹുൽ ഗോവിന്ദ്

58-60 **കരുതൽ വേണം മഴക്കാലത്ത്**
രാഹുൽ ഗോവിന്ദ്




# വയനാട്ടിലെ ഒഴിവുകാല വസതി

കാപ്പിത്തോട്ടതിനു ഒത്ത നടുക്ക്. നാലുചുറ്റും പ്രകൃതിഭംഗി ആസ്വദിക്കുവാൻ കഴിയുന്ന സുന്ദരവും മനോഹരവുമായ ഒരു വീട്. അതാണ് വയനാട്ടിലെ അവധിക്കാല വസതി.

**വൈശാഖ് സി.ആർ.**



സുഗന്ധ ദ്രവ്യങ്ങളുടെ പ്രധാന വാണിജ്യ നഗരമായിരുന്ന, വൈദേശികരുടെ മുമ്പിൽ അടിയറവു പറയാതെ നെഞ്ച് വിരിച്ച് യുദ്ധം ചെയ്ത വീര കേരളവർമ പഴശിരാജയുടെ നാട് അതെ... വയനാട്. കാടുകളുടെ നാട് എന്നർത്ഥം വരുന്ന വനനാട് എന്ന പേരിൽ നിന്ന് ഉത്ഭവം കൊണ്ട വയനാട്.

പ്രകൃതിഭംഗി കൊണ്ടും പച്ചപ്പു കൊണ്ടും അനുഗൃഹീതമായ താമരശ്ശേരി ചുരം കയറി മുകളിലെത്തുന്ന ഏതൊരാൾക്കും പ്രകൃതിയുടെ സൗന്ദര്യമൊരുക്കി കാത്തിരിക്കുന്നു വയനാട്. പ്രകൃതി അനുഗ്രഹിച്ച നാട്ടിൽ ഒരു വീടായാലോ? അതും കാപ്പിത്തോട്ടതിനു ഒത്ത നടുക്ക്. നാലുചുറ്റും പ്രകൃതിഭംഗി ആസ്വദിക്കുവാൻ കഴിയുന്ന സുന്ദരവും മനോഹരവുമായ ഒരു വീട്.





കാപ്പിത്തോട്ടത്തിൽ അവധി ആഘോഷിക്കുമ്പോൾ താമസിക്കുവാൻ ഒരു വീട് എന്ന ചിന്തയിൽ നിന്നാണ് ആരെയും മയക്കുന്ന ഈ സുന്ദരഭവനമുണ്ടായത്.

പ്രകൃതിയുമായി ഇണങ്ങി നിൽക്കണം. വീടിന്റെ ഏതു ഭാഗത്തു നിന്നു നോക്കിയാലും പ്രകൃതി സൗന്ദര്യം ആസ്വദിക്കുവാൻ കഴിയണം ഇതായിരുന്നു വീടു

**സ്ഥലത്തിന്റെ മനോഹാരിത മനസിലാക്കിയ ആർക്കിടെക്റ്റ് ഡോ. ബെന്നി കുര്യാക്കോസ് പ്രകൃതി സൗന്ദര്യം ചോർന്നു പോകാത്ത രീതിയിലാണ് ഡിസൈൻ ചെയ്തത്. ഈ സൗന്ദര്യം നിലനിർത്തി വീട് പണിതുയർത്തുക എന്നത് വെല്ലുവിളിയായിരുന്നു.**

## വയനാടൻ വീട്

**കാലുകളിൽ പൊക്കി നിർത്തിയ വീട് അതിനുമുമ്പിൽ വിശാലമായ ലാൻഡ് സ്കേപിംഗ് ഏവരുടേയും മനംമയക്കുന്ന കാഴ്ചയാണത്. വിശാലമായ ലാൻഡ് സ്കേപിംഗ് കഴിഞ്ഞു വേണം വീട്ടിലേക്ക് പ്രവേശിക്കേണ്ടത്.**

നിർമിക്കുമ്പോൾ ഉടമസ്ഥന്റെ ഏറ്റവും വലിയ ആഗ്രഹം.

ഈ ആഗ്രഹവുമായാണ് ഉടമസ്ഥൻ ആർക്കിടെക്റ്റ് ഡോ. ബെന്നി കുര്യാക്കോസിനെ സമീപിച്ചത്. ലാറിബേക്കറിന്റെ ആർക്കിടെക്ചർ രീതികളും കണക്കുകളുമെല്ലാം മനഃപാഠമാക്കിയിരുന്ന ഡോ. ബെന്നി കുര്യാക്കോസിന് ഈ ഉടമസ്ഥന്റെ ആഗ്രഹം നിറവേറ്റുന്നതിനായി അധികം പണിപ്പെടേണ്ടി വന്നില്ല.









## FACT SHEET

| | | |
|---|---|---|
| വിസ്തൃതി | : | 2011.21 ചതുരശ്ര അടി |
| ഗ്രൗണ്ട് ഫ്ളോർ | : | 1413.95 ചതുരശ്ര അടി |
| സ്ഥലം | : | വയനാട് |
| ആർക്കിടെക്റ്റ് | : | ഡോ.ബെന്നി കുര്യാക്കോസ് |
| ഫോൺ | : | 9444388779 |
| ഇമെയിൽ | : | benny@bennykuriakose.com |

സ്ഥലത്തിന്റെ മനോഹാരിത മനസിലാക്കിയ ആർക്കിടെക്റ്റ് പ്രകൃതിസൗന്ദര്യം ചോർന്നു പോകാത്ത രീതിയിലാണ് ഡിസൈൻ രൂപ കല്പന ചെയ്തത്. ഈ സൗന്ദര്യം നിലനിർത്തിക്കൊണ്ടു തന്നെ ഭവനം പണിതുയർ ത്തുക എന്നത് വെല്ലുവിളിയായിരുന്നു.

കുന്നും മലയുമായി കിടന്നിരുന്ന പ്രദേശമായതു കൊണ്ടും ഏതു ദിശയിൽ നിന്നും "വ്യൂ" ലഭിക്കണം എന്നുള്ളതു കൊണ്ടും വീട് നിർമിക്കുന്നതിനായി പറ്റിയ സ്ഥലം കണ്ടുപിടിക്കുകയായിരുന്നു ആദ്യപടി. ഡിസൈൻ തയ്യാറാക്കുമ്പോൾ തന്നെയുള്ള ആദ്യ തീരുമാനം കെട്ടിടത്തിന് ദൃഢത നൽകുക എന്നതായിരുന്നു.

അതിനായി ബീമുകൾ പണിത് (പൊയ് കാലുകൾ) കെട്ടിടം ഉയർത്തുകയായിരുന്നു തീരുമാനം. താഴ്ചയുള്ള പ്രദേശമായതിനാ ൽ പൊയ്ക്കാലുകൾ ഉണ്ടാക്കി അവ നിരപ്പാർന്ന സ്ഥലത്തിനോ ട് ഒപ്പമെത്തി ച്ചതിനു ശേഷമാണ് വീട് നിർമാണം തുടങ്ങിയത്.

കാലുകളിൽ പൊക്കി നിർത്തിയ വീട് അതിനുമുമ്പിൽ വിശാലമായ ലാൻഡ് സ്കേപിംഗ് ഏവരുടേയും മനംമയക്കുന്ന കാഴ്ചയാണത്. വിശാലമായ ലാൻഡ് സ്കേപിംഗ് കഴിഞ്ഞു വേണം വീട്ടിലേക്ക് പ്രവേശിക്കേണ്ടത്.

വീടു നിർമാണത്തിനുള്ള പ്രധാന മെറ്റീരിയലായി തിരഞ്ഞെടുത്തത് തടിയും ഗ്ലാസും. വീടിന്റെ ഡിസൈനിംഗിന്റെ സിംഹഭാഗവും ചെയ്തിരിക്കു







ചില്ലുകൊട്ടാരങ്ങൾക്ക് സമമാണ് വീടിന്റെ ലിവിംഗ് റൂം. വീടിനുള്ളിൽ നിന്ന് പുറത്തേയ്ക്ക് നോക്കിയാൽ തന്നെ വയനാടൻ കാടിന്റെ വന്യത കാണുവാൻ സാധിക്കും. തടിയുടേയും ചില്ലിന്റേയും അപൂർവം കോംബിനേഷൻ കൂടിയാണ് ഈ വീട്.





ഡോ. ബെന്നി കുര്യാക്കോസ്
ആർക്കിടെക്റ്റ്

ന്നത് തടിയിലാണ്. ഉടമസ്ഥൻ തടി ബിസിനസുകാരനായതു കൊണ്ടാണ് ഇവ ഇത്ര എളുപ്പത്തിൽ സാധിച്ചത്. തടിയും ഗ്ലാസും തമ്മിലുള്ള കോംബിനേഷനാണ് വീട്ടിൽ മുഴുവൻ. അതുകൊണ്ടു തന്നെ കണ്ടംപ്രററി ശൈലിയാണ് ആർക്കിടെക്റ്റ് വീട് നിർമാണത്തിനായി തിരഞ്ഞെടുത്തത്.

ചുടുകട്ട വീടിന്റെ മുൻഭാഗത്തിന് ചാരുത നൽകുന്നു. അതിനോടിണങ്ങുന്ന രീതിയിൽ തടി ഫ്രെയിമിൽ തീർത്ത മനോഹരമായ ഗ്ലാസ് ജനാലകൾ കൂടിയാകുമ്പോൾ ഭംഗി പതിന്മടങ്ങ് വർധിക്കുന്നു. ഉറപ്പിനു വേണ്ടി തടിക്കും ഗ്ലാസിനുമൊപ്പം അങ്ങിങ്ങായി കോൺക്രീറ്റ് ഉപയോഗിച്ചിട്ടുണ്ട്. അവ വീടിന് കൂടുതൽ ദൃഢത നൽകുന്നു.





ചുടുകട്ട വീടിന്റെ മുൻഭാഗത്തിന് ചാരുത നൽകുന്നു. അതിനോടിണങ്ങുന്ന രീതിയിൽ തടി ഫ്രെയിമിൽ തീർത്ത മനോഹരമായ ഗ്ലാസ് ജനാലകൾ കൂടിയാകുമ്പോൾ ഭംഗി പതിന്മടങ്ങ് വർധിക്കുന്നു. ഉറപ്പിനു വേണ്ടി തടിക്കും ഗ്ലാസിനുമൊപ്പം അങ്ങിങ്ങായി കോൺക്രീറ്റ് ഉപയോഗിച്ചിട്ടുണ്ട്. അവ വീടിന് കൂടുതൽ ദൃഢത നൽകുന്നു.

വിശാലമായ ലിവിംഗ് റൂമാണ് വീടിന്റെ മറ്റൊരാകർഷണം. തേക്ക് വുഡ് ആണ് സീലിംഗിലും ഫ്ളോറിംഗിലും ഉപയോഗിച്ചിരിക്കുന്നത്. വൈറ്റ് പെയിന്റിംഗും തേക്ക് വുഡ് കളറും വീടിന് ക്ലാസ് ലുക്കാണ് സമ്മാനിക്കുന്നത്.

ലിവിംഗ് റൂമിൽ നിന്നു തന്നെ ഓപ്പൺ കിച്ചൺ നൽകിയിരിക്കുന്നു. ലിവിംഗിൽ നിന്നു തന്നെയാണ് മുകളിലെ മുറിയിലേക്കുള്ള സ്റ്റെയർകെയ്സും നൽകിയിരിക്കുന്നത്. ചില്ലുകൊട്ടാരങ്ങൾക്ക് സമമാണ് വീടിന്റെ ലിവിംഗ് റൂം. വീടിനുള്ളിൽ നിന്നും പുറത്തേയ്ക്ക് നോക്കിയാൽ തന്നെ വയനാടൻ കാടിന്റെ വന്യത കാണുവാൻ സാധിക്കും.

തടിയുടേയും ചില്ലിന്റേയും അപൂർവം കോംബിനേഷൻ കൂടിയാണ് ഈ വീട്. ഫസ്റ്റ് ഫ്ളോർ വരാന്തയിൽ തടികൊണ്ടുള്ള ഫർണിച്ചറുകളാൽ സമൃദ്ധമാണ്. സൂര്യപ്രകാശവും വായുവും യഥേഷ്ടം ലഭിക്കുന്ന രീതിയിലാണ് നിർമാണം. റൂഫിംഗിന് ഷിംഗ്ലയറാണ് ഉപയോഗിച്ചിരിക്കുന്നത്. വീടിന്റെ ബാൽക്കണിയെല്ലാം പ്രകൃതി സൗന്ദര്യത്തിന്റെ കൂടാരങ്ങളാണ്. വീടിന്റെ പല മുറികളിലും സീലിംഗിന്റെ ഉയരം വ്യത്യാസപ്പെടുത്തി അത്ഭുതപ്പെടുത്തുകയാണ് ആർക്കിടെക്റ്റ്.

നവീന ശിലായുഗ കാലംമുതൽ തന്നെ സംഘടിത വാസസ്ഥലമായിരുന്ന വയനാട്ടിൽ അത്ഭുതവീടായും പരീക്ഷണ വീടായും ഇതിനെ കാണാം. സ്വസ്ഥമായ മനസുകളെ ഈ വീട് സ്വാഗതം ചെയ്യുന്നു.